കടലയോടൊപ്പം പുഴുക്ക് തേങ്ങാ ചേർത്ത് നൽകുന്നു. തുറന്ന ജയിലിലെ തടവുകാർക്ക് രാവിലത്തെ ഗോതമ്പ് ഭക്ഷണത്തിനൊപ്പം 100 ഗ്രാം അരിയുടെ കഞ്ഞിയും നൽകുന്നുണ്ട്. വിഷു, ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്, ഈസ്റ്റർ, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ഡേ, ഗാന്ധിജയന്തി എന്നീ വിശേഷ ദിവസങ്ങളിൽ (പ്രതിവർഷം 9 എണ്ണം) വിശേഷാൽ സദ്യയും നൽകിവരുന്നുണ്ട്. തടവുകാർക്ക് നൽകിവരുന്ന ഭക്ഷണത്തിന്റെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ബി&സി) തടവുകാരുടെ പ്രതിദിന ഭക്ഷണത്തിനുവേണ്ടി ഒരു നിശ്ചിത തുക അനുവദിക്കുന്ന രീതി നിലവിലില്ല. എന്നാൽ വിദഗ്ദ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങളെ ഉദ്ദേശിച്ച് കാലാകാലങ്ങളിൽ രൂപീകരിക്കപ്പെടുന്ന ജയിൽ പരിഷ്ക്കരണ കമ്മിറ്റി പോലുള്ള കമ്മിറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിലും വിവിധ കാലഘട്ടങ്ങളിലായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭക്ഷണം ഒരു നിശ്ചിത അളവിൽ നൽകുന്ന രീതിയാണ് നിലവിലുള്ളത്.

(ഡി) തടവുകാർക്ക് നൽകിവരുന്ന ആഹാരക്രമങ്ങളെക്കുറിച്ച് പഠിച്ച് അവ പരിഷ്ക്കരിക്കുന്നതിനും മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിനുമായി സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിന് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർപേഴ്സണും ജയിൽ ആസ്ഥാന കാര്യാലയം ഡി.ഐ.ജി., തിരുവനനന്തപുരം സെൻട്രൽ ജയിൽ മെഡിക്കൽ ഓഫീസർ, സ്റ്റേറ്റ് ന്യൂട്രീഷ്യൻ ബ്യൂറോയുടെ കീഴിലുള്ള ഒരു ഡയറ്റീഷ്യൻ എന്നിവർ മെമ്പർമാരും നെട്ടുകാൽത്തേരി തുറന്ന ജയിൽ സൂപ്രണ്ട് മെമ്പർ സെക്രട്ടറിയും ആയി 14-3-2003 തീയതിയിലെ ജി.ഒ. (ആർ‌ടി.)413/2003/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ സെൻട്രൽ ജയിലിൽ പരോൾ അനുവദിക്കുന്നതിന് വിവേചനം കാണിക്കുന്നതായ പരാതി

89 (4524) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ ഇപ്പോൾ ആകെ എത്ര തടവുകാരാണുള്ളത് ;

(ബി) ഇതിൽ വനിതാ തടവുകാർ എത്രയാണ് ;

(സി) ഇതിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ എത്രയാണ് ;

(ഡി) ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇപ്പോൾ പരോൾ നൽകുന്നതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ആർക്കൊക്കെ പരോൾ നൽകിയെന്ന് വ്യക്തമാക്കാമോ ;

(എഫ്) ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവരിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പരോൾ ലഭിക്കാത്തവർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ജി) പരോൾ അനുവദിക്കുന്ന കാര്യത്തിൽ തടവുകാരോട് വിവേചനം കാണിക്കുന്നുവെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) 1247 തടവുകാർ ഇപ്പോൾ ഉണ്ട്.

(ബി) ഇതിൽ 22 വനിതാ തടവുകാരാണുള്ളത്.

(സി) 339 പേർ.

(ഡി) കേരളാ ജയിൽ ചട്ടങ്ങൾ അദ്ധ്യായം 26, 26(എ) എന്നിവയിലെ ചട്ടങ്ങളനുസരിച്ചാണ് ശിക്ഷിക്കപ്പെട്ട തടവുകാർക്ക് പരോൾ നൽകിവരുന്നത്. ഇതുപ്രകാരം മൂന്ന് തരത്തിലുള്ള പരോളാണ് ഇപ്പോൾ നൽകിവരുന്നത്.

1. സാധാരണ അവധി :

ഒരു വർഷവും അതിന്മേലും ശിക്ഷിക്കപ്പെട്ടിട്ടുള്ളതും ശിക്ഷയുടെ മൂന്നിൽ ഒന്നോ രണ്ടോ വർഷമോ ഇതിൽ ഏതാണ് കുറവ് അത്രയും ശിക്ഷ അനുഭവിച്ചിട്ടുള്ളതും നല്ല സ്വഭാവക്കാരുമായ തടവുകാർക്ക് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിന്റെയും പ്രൊബേഷൻ ഓഫീസറുടേയും അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറുമാസത്തിലൊരിക്കൽ 30 ദിവസം അനുവദിക്കുന്നതാണ് സാധാരണ അവധി.

2. അടിയന്തിരാവധി :

തടവുകാരന്റെ ഉറ്റബന്ധുവിന്റെ മരണത്തോടനുബന്ധിച്ചോ, ഗുരുതരമായ രോഗാവസ്ഥയിലോ ആയിരിക്കുമ്പോൾ ഒരു സീനിയർ സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെയും കൂടി അടിസ്ഥാനത്തിൽ പരമാവധി 10 ദിവസം ജയിൽ വകുപ്പ് തലത്തിൽ അനുവദിക്കുന്നതാണ് അടിയന്തിര പരോൾ. ഈ പത്ത് ദിവസമുൾപ്പെടെ പരമാവധി 45 ദിവസം വരെ ആയത് ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

3. ഹോം ലീവ് :

തുറന്ന ജയിലിൽ കഴിയുന്ന തടവുകാർക്ക് മാത്രമായി തുറന്ന ജയിലിൽ പ്രവേശിപ്പിച്ചതിന് ശേഷം ഒരു വർഷം പൂർത്തിയാക്കുമ്പോൾ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷംതോറും 15 ദിവസം അനുവദിച്ചുകൊടുക്കുന്ന അവധിയാണ് ഹോം ലീവ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ 135 പുരുഷന്മാർക്കും 3 സ്ത്രീകൾക്കും പരോൾ നൽകിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പരോൾ നൽകാത്തവർ 212 പുരുഷന്മാരും 5 സ്ത്രീകളുമാകുന്നു.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

ശ്രീ. പി. ശ്രീധരന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

90 (4525) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി തറട്ടയിൽ പുത്തൻവീട് ചെഞ്ചേരി, നാലാഞ്ചിറ പി. ഒ.-യിൽ താമസിക്കുന്ന ശ്രീ. പി. ശ്രീധരൻ 7-3-2003-ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) പ്രസ്തുത അപേക്ഷ 1843/സി.എം./2003/ഡി.ആർ.എഫ്. എന്ന നമ്പരിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചതായുള്ള അറിയിപ്പ് അപേക്ഷകന് കിട്ടിയിട്ടും നാളിതുവരെയും ധനസഹായം അപേക്ഷകന് ലഭിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) അപേക്ഷകന് എത്രയും പെട്ടെന്ന് ചികിത്സാ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സമർപ്പിക്കുന്നു.

(ബി) അപേക്ഷയിന്മേൽ കൈക്കൊണ്ട ഗവൺമെന്റ് തീരുമാനം 25-4-2003-ലെ 20031/ജെ 1/03/റവ. നമ്പർ സർക്കാർ കത്തുപ്രകാരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗുണഭോക്തൃവിഹിതം ഒഴിവാക്കുവാൻ നടപടി

91 (4526) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന കാർഷിക മേഖലയിലെ ജലസേചന പദ്ധതികൾക്ക് 20 ശതമാനം ഗുണഭോക്തൃ വിഹിതം കർഷകരിൽനിന്നും ഈടാക്കി അടയ്ക്കണമെന്ന നിബന്ധനകാരണം ഈ മേഖലയിലെ പല പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly